നം: എൻ.എം(1)/55953/2015/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 19.06.2015.

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - ഉച്ചഭക്ഷണ പദ്ധതി - പുതുതായി സർക്കാർ അനുവദിച്ച നൂൺമീൽ ഓഫീസർമാർക്ക് ഏകദിന പരിശീലന ക്ലാസ്സ് സംഘടിപ്പിക്കുന്നതു സംബന്ധിച്ച്.

സൂചന : 1) ജി.ഒ.(എം.എസ്)നം: 98/2015/പൊ.വി. തീയതി 04.05.2015.
2) സി.5/07/2015/ഡി.പി.ഐ. (3) തീയതി 05.06.2015.
3) എൻ.എം.(1)/55953/2013/ഡി.പി.ഐ. തീയതി 17.06.2015.

സംസ്ഥാന സർക്കാർ പുതിയതായി അനുവദിച്ച 163 നൂൺമീൽ ഓഫീസർമാർക്ക് ഉച്ച ഭക്ഷണം സംബന്ധമായ ജോലികൾ സംബന്ധിച്ച് സോഫ്റ്റ്വെയർ പരിചയപ്പെടുത്തുന്നതിലേയ്ക്ക് ഒരു ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനത്ത് കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ മൂന്നു സോണുകളായിട്ടാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. ടി പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് താഴെപ്പറയുന്ന തീയതികളിലെ പരിശീലന സെന്ററുകളിൽ അതാതു ജില്ലകളിലെ പരിധിയിൽ വരുന്ന നൂൺമീൽ സൂപ്പർവൈസർമാരും, വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ നൂൺമീൽ സെക്ഷൻ ക്ലാർക്കും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ നൂൺമീൽ ഓഫീസർമാരും കൃത്യം 9.30-നു തന്നെ പരിശീലന സെന്ററുകളിലേക്ക് എത്തിച്ചേരേണ്ടതാണ്.

| നം | ജില്ലയുടെ പേരും പങ്കെടുക്കേണ്ട പരിശീലന സ്ഥലവും | തീയതിയും പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ട ജില്ലകളും |
|---|---|---|
| 1 | Kozhikkode - Regional Resource Centre IT@School Project. | **23.06.2015** - കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം |
| 2 | Ernakulam - SRV Model Higher Secondary School Ernakulam – 682024. | **25.06.2015** - പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം |
| 3 | Thiruvananthapuram – District office, IT@School Project, Govt. VHSS for Deaf, Jagathy, Thycaud P.O., 695014. | **29.06.2015.** - ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം |

വിശ്വസ്തതയോടെ,

19/6/15

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്)